"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.341/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.03.2023ലെ LSGD/1427/2023-DPLA1 നമ്പർ കത്ത്.

**ഉത്തരവ്**

ത്രിതല പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 1 പ്രകാരവും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 2 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ഗ്രാമസഭാ/വാർഡ് സഭാ യോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആണ് സംഘടിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്ന നടപടികളുടെ ഭാഗമായി, പെർഫോർമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) ഗ്രാമസഭാ/വാർഡ് സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവയുടെ സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവതരിപ്പിക്കണമെന്ന് പരാമർശിത മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോടെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക ഇല്ലാതായതിനാൽ പദ്ധതി മാർഗരേഖയിലെ മേൽ പ്രതിപാദിച്ച നിർദേശം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്നും, സർക്കാർ ഉത്തരവിലൂടെ അംഗീകാരം നൽകിയ മാർഗരേഖയിലെ നിർദേശമായതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖകൾ ഖണ്ഡിക 3.2.1(5) പാലിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ്

പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റികളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ നിലവിലില്ലെങ്കിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയതിനാൽ പരാമർശം 1, 2 ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5)ൽ നിർദ്ദേശിച്ചതുപോലെ, ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ അവതരണം നടത്തുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി ഉത്തരവാകുന്നു.

4. പരാമർശം 1, 2 മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5) മേൽ പ്രകാരം ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ
9. ഡയറക്ടർ -അറബൻ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്